## 15 -ാം കേരള നിയമസഭ

## 7 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2542** **12-12-2022 - ൽ മറുപടിയ്ക്ക്**

## ബഡ്സ് സ്കൂളുകളുടെ പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ബഡ്സ് സ്കൂളുകളുടെ പ്രവർത്തനങ്ങൾ വിശദീകരിക്കുമോ; | (എ) | കുടുംബശ്രീയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സംയോജിച്ച് ബുദ്ധിപരമായി വെല്ലുവിളി നേരിടുന്നവർക്ക് മാനസിക വികാസം സാധ്യമാക്കുന്നതിനും തുടർ പരിശീലനവും കരുതലും ഉറപ്പ് വരുത്തുകയെന്ന ലക്ഷ്യത്തോടെയാണ് ബഡ്സ് സ്ഥാപനങ്ങൾ ആരംഭിച്ചത്. നിലവിൽ 328 ബഡ്സ് സ്ഥാപനങ്ങൾ (155 ബഡ്സ് സ്കൂളുകളും 173 ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളും) സംസ്ഥാനത്തുടനീളം പ്രവർത്തിക്കുന്നു. ഈ സ്ഥാപനങ്ങളിലൂടെ 11027 പരിശീലനാർത്ഥികൾക്ക് അവരുടെ ദൈനംദിന ജീവിതം, പുനരധിവാസം, തൊഴിൽ പരിശീലനം എന്നിവയ്ക്ക് പിന്തുണ ലഭിക്കുന്നു. റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ (ആർ.സി.ഐ) രജിസ്ട്രേഷനോടൊപ്പം ഭിന്നശേഷിക്കാരുടെ വിദ്യാഭ്യാസത്തിനും പരിശീലനത്തിനും പ്രത്യേക യോഗ്യത നേടിയിട്ടുള്ള അധ്യാപകർ ഈ സ്ഥാപനങ്ങളിൽ സേവനം അനുഷ്ഠിക്കുന്നു. SCERT തയ്യാറാക്കി നൽകിയിട്ടുള്ള മൊഡ്യൂൾ അനുസരിച്ചാണ് ബഡ്സ് സ്കൂളുകളിൽ പഠന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നത്<br><br>ബഡ്സ് സ്ഥാപനങ്ങളിലെ അദ്ധ്യാപകരുടെ സേവന സന്നദ്ധതയും, ജോലിയോടുള്ള പ്രതിബദ്ധതയും ഉയർത്തുന്നതിനും, വിജ്ഞാനം പരിപോഷിപ്പിക്കുന്നതിനും, തങ്ങളുടെ തന്നെ സേവന മേഖലയിലെ മാറ്റങ്ങൾ അറിയുന്നതിനും തക്ക വിധത്തിലുള്ള പരിശീലനങ്ങൾ അധ്യാപകർക്ക് ലഭ്യമാക്കുന്നു.<br><br>കേന്ദ്ര ഗവൺമെന്റിന്റെ നാഷണൽ ട്രസ്റ്റ് ആക്ട് 1999 ന്റെ പരിധിയിൽ വരുന്ന ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധിപരമായ വെല്ലുവിളികൾ, മൾട്ടിപ്പിൾ ഡിസബിലിറ്റി തുടങ്ങിയ വെല്ലുവിളികൾ നേരിടുന്നവർക്ക് ജീവിതത്തിലുടനീളം |

ആവശ്യമായ സംരക്ഷണം ഉറപ്പുവരുത്തുന്ന സമ്പൂർണ്ണ ആരോഗ്യ സുരക്ഷാ പദ്ധതിയാണ് 'നിരാമയ'. കുട്ടികൾക്ക് എല്ലാപേർക്കും ഈ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്നു.

ബഡ്സ് സ്ഥാപനങ്ങളിലെ കുട്ടികൾക്കും രക്ഷിതാക്കൾക്കും ഉപജീവന മാർഗം സൃഷ്ടിക്കുന്നതിനായി പ്രത്യേക ഉപജീവന പദ്ധതിയിൽ ഉൾപ്പെടുത്തി ഉപജീവന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പ്രധാനമായും കരകൗശല ഉൽപ്പന്നങ്ങൾ, മെഴുകുതിരി, തുണിസഞ്ചി, ഓഫീസ് ഫയൽ, പേപ്പർ പേന, നോട്ട് പാഡ്, ചവിട്ടി എന്നീ ഉൽപ്പന്നങ്ങളാണ് ഉൽപ്പാദിപ്പിക്കുന്നത്. കുട്ടികളോടൊപ്പം അവരുടെ മാതാപിതാക്കളും ഇതിന്റെ ഭാഗമായി പ്രവർത്തിക്കുന്നുണ്ട്. അവരുടെ ഉത്പന്നങ്ങൾ നിലവിൽ മാർക്കറ്റ് ചെയ്യപ്പെടുന്നു. 162 സ്ഥാപനങ്ങൾ പ്രൊജക്റ്റ് പ്രൊപോസൽ നൽകിയ മുറയ്ക്ക് ഫണ്ട് നല്കുകയും അതുവഴി ലൈവ്ലിഹുഡ് പ്രോഗ്രാം നടപ്പിലാക്കിയും വരുന്നു.

ബഡ്സ് സ്ഥാപനങ്ങളിലെ കുട്ടികൾക്ക് ശാരീരികവും മാനസികവുമായ ഉല്ലാസത്തിനായി കുടുംബശ്രീയുടെ കാർഷിക വിഭാഗവുമായി ചേർന്ന് ബഡ്സ് സ്ഥാപനങ്ങളിൽ നടത്തുന്ന പദ്ധതിയാണ് സഞ്ജീവനി അഗ്രിതെറാപ്പി. ചെറുതോതിൽ കൃഷി ചെയ്ത് അതിൽ കുട്ടികൾ വ്യാപൃതരാകുമ്പോൾ അവർക്കു മാനസികോല്ലാസവും ശാരീരിക വ്യായാമവും ലഭിക്കുന്നു.

200 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് 2018-19 സാമ്പത്തിക വർഷത്തിൽ ബഡ്സ് സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനായി സർക്കാർ 25 ലക്ഷം രൂപ വീതം പ്രഖ്യാപിക്കുകയും ആയതിന്റെ ഒന്നാം ഗഡുവായി 12.5 ലക്ഷം രൂപ വീതം കുടുംബശ്രീ മുഖേന അനുവദിക്കുകയും ചെയ്തിരുന്നു. ഈ സ്ഥാപനങ്ങൾ ആദ്യ ഗഡു ചിലവഴിക്കുന്ന മുറയ്ക്ക് രണ്ടാം ഗഡു അനുവദിക്കുന്നു. അതുപോലെ പുതിയതായി ബഡ്സ് ആരംഭിക്കുവാൻ അപേക്ഷ സമർപ്പിക്കുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും ബഡ്സ് സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾക്കായി തുക അനുവദിച്ചു നൽകുന്നതാണ്. 182 സ്ഥാപനങ്ങൾക്കായി 2 ലക്ഷം രൂപ വീതം സ്മാർട്ട് ക്ലാസ്സ്റൂം ഒരുക്കുന്നതിനായി നൽകിയിട്ടുണ്ട്.

ബഡ്സ് സ്കൂളുകളുടെ കുട്ടികളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിന് ആവശ്യമായ വാഹനം

| | | | |
|---|---|---|---|
| | | | വാങ്ങുന്നതിന് ഒരു സ്കൂളിന് പരമാവധി 15 ലക്ഷം രൂപ വീതം നൽകുന്നു. 91 സ്കൂളുകൾക്ക് ടി സഹായം അനുവദിച്ചിട്ടുണ്ട്. |
| (ബി) | വാമനപുരം മണ്ഡലത്തിൽ ഏതൊക്കെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണ് ബഡ്‌സ് സ്കൂളുകൾ പ്രവർത്തിക്കുന്നത്; | (ബി) | വാമനപുരം മണ്ഡലത്തിൽ വാമനപുരം, മാണിക്കൽ, നെല്ലനാട്, പെരിങ്ങമ്മല ഗ്രാമപഞ്ചായത്തുകളിൽ ബഡ്‌സ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട് . |
| (സി) | പ്രസ്തുത സ്കൂളുകൾ അനുവദിച്ചിട്ട് ഇതുവരെയും പ്രവർത്തനം ആരംഭിക്കാൻ കഴിയാത്ത സ്കൂളുകൾ മണ്ഡലത്തിലുണ്ടോയെന്ന് അറിയിക്കുമോ? | (സി) | നന്ദിയോട്, പാങ്ങോട് ഗ്രാമപഞ്ചായത്തുകളിലുള്ള സ്കൂളുകൾ പ്രവർത്തനം ആരംഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ